# Official Spokesperson's response to a media query regarding reports of vandalism, defacement and destruction of Buddhist archaeological sites in Pakistan occupied Jammu and Kashmir

June 03, 2020

പാകിസ്ഥാൻ അധീനതയിൽ ഉള്ള ജമ്മു കശ്മീരിലെ പുരാവസ്തുശാസ്ത്രസംബന്ധിയായ ബുദ്ധവിഹാര കേന്ദ്രങ്ങളിൽ വിധ്വംസകത്വം, കേടുപാടുകൾ വരുത്തൽ, നശീകരണം എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളിൽ നടന്ന മാധ്യമ അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവിന്റെ മറുപടി

ജൂൺ 03, 2020

പാകിസ്ഥാൻ അധീനതയിൽ ഉള്ള ജമ്മു കശ്മീരിലെ പുരാവസ്തുശാസ്ത്രസംബന്ധിയായ ബുദ്ധവിഹാര കേന്ദ്രങ്ങളിൽ വിധ്വംസകത്വം, കേടുപാടുകൾ വരുത്തൽ, നശീകരണം എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളിൽ നടന്ന മാധ്യമ അന്വേഷണങ്ങളിൽ ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.

പാകിസ്താൻ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന ഇന്ത്യൻ പ്രവിശ്യയായ 'ഗിൽജിത്ത് ബൽജിസ്ഥാനിൽ' സ്ഥിതി ചെയ്യുന്ന ബുദ്ധവിഹാരം കേന്ദ്രങ്ങളിൽ വിദ്വസാത്മകവും നശീകരണകരണവുമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് ഞങ്ങളുടെ ശക്തമായ ആശങ്ക ഞങ്ങൾ അറിയിച്ചിട്ടുണ്ട്.

പാകിസ്ഥാൻ അന്യാധീനമായി കൈവശപ്പെടുത്തിയിട്ടുള്ള ഇന്ത്യ പ്രവിശ്യകളിൽ ബുദ്ധ വംശത്തിന്റെ അടയാളങ്ങൾ തകർക്കപ്പെടുന്നതും മത സാംസ്കാരിക അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളും യാതൊരു ശിക്ഷ ഭീതിയുമില്ലാതെ ചവിട്ടിയരയ്ക്കുന്നതും വളരെ ഗൗരവതരമായ കാര്യങ്ങൾ തന്നെയാണ്. പുരാതന നാഗരിക-സാംസ്കാരിക പൈതൃകത്തെ അവഹേളിക്കുന്ന ഇത്തരത്തിലുള്ള മോശമായ പ്രവർത്തനങ്ങൾ വളരെ അപലപനീയമാണ്.

ഇവ പുനഃസ്ഥാപിക്കുന്നതിനും ഈ മൂല്യവത്തായ ചരിത്ര സ്മാരകങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും ഈ പ്രവിശ്യയിൽ നിന്നുള്ള വിദഗ്ധരുടെ പെട്ടന്നുള്ള സഹായവും ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

അന്യാധീനമാക്കി വച്ചിരിക്കുന്ന പ്രവിശ്യകളിൽ നിന്നും ഒഴിഞ്ഞു പോകുന്നതിനും അവിടെ ജീവിക്കുന്ന ആളുകളുടെ രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക അവകാശങ്ങൾക്കെതിരെയുള്ള പ്രവർത്തങ്ങൾ അവസാനിപ്പിക്കുന്നതിനും ഞങ്ങൾ ഒരിക്കൽ കൂടി പാകിസ്താനോട് ആവശ്യപ്പെടുകയാണ്."

ന്യൂ ഡൽഹി
03 ജൂൺ, 2020

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.